"ഭരണഭാഷ - മാതൃഭാഷ"

# കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ: എൽ.ആർ 7/005511/2015

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ
കാര്യാലയം, ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്,
തിരുവനന്തപുരം, തീയതി: 14.08.2017

## സർക്കുലർ മെമ്മോറാണ്ടം

**വിഷയം:-** **കെ.എസ്.ആർ.ടി.സിയുടെ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി ആഫീസർമാരുടെയും, എല്ലാ വിഭാഗം ജീവനക്കാരുടെയും പ്രവർത്തി സമയം പുനഃക്രമീകരിച്ച് 8 മണിക്കൂറായി നിജപ്പെടുത്തിയതിനാൽ നിലവിൽ വിവിധ വിഭാഗം ജീവനക്കാർക്ക് പഞ്ചിംഗിനനുവദിച്ചിട്ടുള്ള സമയക്രമത്തിൽ മാറ്റം വരുത്തുന്നത് - സംബന്ധിച്ച്-**

സൂചന :- 1) LR8/014604/17 dt: 09/08/17 ലെ സർക്കുലർ മെമ്മോറാണ്ടം.
2) നം.എൽ.ആർ 7/005511/2015, തീയതി: 24/11/2015 ലെ മെമ്മോറാണ്ടം.

കെ.എസ്.ആർ.ടി.സിയുടെ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി എല്ലാ വിഭാഗം ജീവനക്കാരുടെയും ജോലി സമയം **16/08/2017** മുതൽ പുനഃക്രമീകരിക്കുന്നതിന്റെ ഭാഗമായി ചീഫ് ആഫീസിലെയും, യൂണിറ്റുകളിലെയും ആഫീസർമാരും, ജീവനക്കാരും ഹാജർ സംബന്ധമായി പാലിക്കേണ്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) എല്ലാ സ്ഥിരം / താത്ക്കാലിക ജീവനക്കാരും, ആഫീസർമാരും മേൽ സൂചനകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിനനുസരിച്ചു മാത്രമെ ജോലിയിൽ പ്രവേശിക്കുവാനും ജോലിയിൽ നിന്നും പുറത്തുപോകുവാനും പാടുള്ളു.

2) ഹാജർ ലഭിക്കുന്നതിന് വിവിധ ഡ്യൂട്ടി സമയങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് കോർപ്പറേഷൻ നിശ്ചയിച്ചിട്ടുള്ള പ്രകാരം തങ്ങളുടെ യഥാർഥ ജോലി സമയം ആരംഭിക്കുന്നതിന് 30 മിനിറ്റ് മുമ്പ് മുതൽ 10 മിനിറ്റ് ശേഷം വരെയും, ഡ്യൂട്ടി അവസാനിക്കുന്ന സമയം മുതൽ 30 മിനിറ്റിനുള്ളിലും പഞ്ച് ചെയ്യാവുന്നതാണ്. (വിവിധ വിഭാഗങ്ങൾക്ക് പഞ്ചിംഗിന് അനുവദിച്ചിട്ടുള്ള സമയക്രമം അനുബന്ധമായി ചേർക്കുന്നു).

3) അർദ്ധ ദിന അവധി ബാധകമായിട്ടുള്ള വിഭാഗങ്ങളിലും / തസ്തികകളിലും ജോലിചെയ്യുന്ന ജീവനക്കാർക്ക് ഉച്ചമുതൽ പ്രസ്തുത അവധി ലഭിക്കുന്നതിന് 09:30 - 05:30 ഡ്യൂട്ടിക്കാർ രാവിലെ 09:00 നും 09:40 നുള്ളിൽ പഞ്ച് ചെയ്ത്

ജോലിയിൽ പ്രവേശിക്കേണ്ടതും ഉച്ചയ്ക്ക് 01:15 നും 01:45 നും ഇടയ്ക്ക് പഞ്ച് ചെയ്ത് ഡ്യൂട്ടി അവസാനിപ്പിക്കേണ്ടതാണ്. രാവിലെ അവധി എടുത്ത് ഉച്ചയ്ക്ക് ശേഷം ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർ ഉച്ചയ്ക്ക് 01:30 നും 02:10 നുള്ളിൽ പഞ്ച് ചെയ്ത് ജോലിയിൽ പ്രവേശിക്കേണ്ടതും വൈകുന്നേരം 05:30 നും 06:00 നും ഇടയ്ക്കും പഞ്ച് ചെയ്ത് പുറത്തുപോകേണ്ടതുമാണ്. മറ്റു സമയക്രമങ്ങളിൽ ജോലി ചെയ്യുന്ന അർദ്ധ ദിന അവധിക്ക് അർഹരായ ജീവനക്കാർക്കും ടി നിബന്ധന ബാധകമാണ്. ഡബിൾ ഡ്യൂട്ടി ചെയ്യുന്ന ജീവനക്കാർ നിലവിലെ നിബന്ധനകൾ പ്രകാരം ജോലിയിൽ പ്രവേശിക്കുമ്പോഴും പുറത്തിറങ്ങുമ്പോഴും മാത്രം പഞ്ച് ചെയ്താൽ മതി. രണ്ട് ഡ്യൂട്ടികൾക്കിടയിൽ പഞ്ച് ചെയ്യേണ്ട ആവശ്യമില്ല. സ്ഥിരമായി താമസിച്ചുവരികയും, നേരത്തേപോവുകയും, ഡ്യൂട്ടിക്കിടയിൽ അനധികൃതമായി ഓഫീസ് വിട്ട് പോകുകയും ചെയ്യുന്ന ജീവനക്കാരുടെ പേരിൽ കർശന വകുപ്പുതല നടപടി സ്വീകരിക്കുന്നതാണ്.

**ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്കുവേണ്ടി**
**എക്സിക്യൂട്ടീവ് ഡയറക്ടർ(അഡ്മിനിസ്ട്രേഷൻ)**

14/8/17 Supdt 14/8/17

ചീഫ് ഓഫീസിലെ എല്ലാ ഓഫീസർമാർക്കും വിഭാഗങ്ങൾക്കും.
എല്ലാ യൂണിറ്റ് / സോണൽ / വർക്ഷോപ്പ് അധികാരികൾക്കും } നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്.

പകർപ്പ് :
- സി.എം.ഡി.യുടെ പി.എസ്സ്-ന്.
- എഫ്.എ & സി.എ.ഒ.യുടെ സ്റ്റെനോയ്ക്ക്
- എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ സ്റ്റെനോമാർക്ക്.
- കോ- ഓർഡിനേറ്റർ , ഇ.ഡി.പി.സി
- അംഗീകൃത തൊഴിലാളി സംഘടനകൾക്കും.
- ഫയൽ / കരുതൽ ഫയൽ.

# അനുബന്ധം

നം. എൽ.ആർ.7/005511/2015

തീയതി: 14.08.2017

## വിവിധ വിഭാഗം ജീവനക്കാർക്ക് പഞ്ചിംഗിന് അനുവദിച്ചിട്ടുള്ള സമയക്രമം

| ക്രമ നം. | തസ്തിക / വിഭാഗം | യഥാർഥ ജോലി സമയം | ജോലിയിൽ പ്രവേശിക്കുന്നതിന് പഞ്ച് ചെയ്യേണ്ട സമയം | ജോലിയിൽ നിന്നും പുറത്ത് പോകുന്നതിന് പഞ്ച് ചെയ്യേണ്ട സമയം | ഡ്യൂട്ടി |
|---|---|---|---|---|---|
| 1 | കൺട്രോൾ റൂം, ഇ.ഡി.പി.സി | 06:00 AM to 02:00 PM | 05:30 AM to 06:10 AM | 02:00 PM to 02:30 PM | സിംഗിൾ |
| 2 | ഇ.ഡി.പി.സി | 06:00 AM to 10:00 PM | 05:30 AM to 06:10 AM | 10:00 PM to 10:30 PM | ഡബിൾ |
| 3 | മെഡിക്കൽ സെന്റർ | 08:00 AM to 04:00 PM | 07:30 AM to 08:10 AM | 04:00 PM to 04:30 PM | സിംഗിൾ |
| 4 | കൺട്രോൾ റൂം, സെക്യൂരിറ്റി, സ്വീപ്പർ കം സ്കാവഞ്ചർ (Daily Coolies & CLR) | 08:00 AM to 04:00 PM | 07:30 AM to 08:10 AM | 04:00 PM to 04:30 PM | സിംഗിൾ |
| 5 | ഇ.ഡി.പി.സി | 09:00 AM to 05:00 PM | 08:30 AM to 09:10 AM | 05:00 PM to 05:30 PM | സിംഗിൾ |
| 6 | കൺട്രോൾ റൂം , സ്റ്റേഷനറി സ്റ്റോർ, പി.ബി.എക്സ്, പ്യൂൺ (Daily Coolies & CLR) | 09:00 AM to 05:00 PM | 08:30 AM to 09:10 AM | 05:00 PM to 05:30 PM | സിംഗിൾ |
| 7 | പി.ബി.എക്സ് | 09:30 AM to 05:30 PM | 09:00 AM to 09:40 AM | 05:30 PM to 06:00 PM | സിംഗിൾ |
| 8 | മിനിസ്റ്റീരിയൽ വിഭാഗം & ഹയർ ഡിവിഷൻ ഓഫീസർമാർ | 09:30 AM to 05:30 PM | 09:00 AM to 09:40 AM | 05:30 PM to 06:00 PM | സിംഗിൾ |
| 9 | ദിവസക്കൂലിക്കാർ, CLR (തപാൽ വിഭാഗം) | 10:00 AM to 06:00 PM | 09:30 AM to 10:10 AM | 06:00 PM to 06:30 PM | സിംഗിൾ |
| 10 | തപാൽ വിഭാഗം | 10:00 AM to 06:00 PM | 09:30 AM to 10:10 AM | 06:00 PM to 06:30 PM | സിംഗിൾ |
| 11 | കൺട്രോൾ റൂം, സെക്യൂരിറ്റി. | 04:00 PM to 08:00 AM | 03:30 PM to 04:10 PM | 08:00 AM to 08:30 AM | ഡബിൾ |
| 12 | കൺട്രോൾ റൂം | 05:00 PM to 09:00 AM | 04:30 PM to 05:10 PM | 09:00 AM to 09:30 AM | ഡബിൾ |
| 13 | ടൈംടേബിൾ സെൽ | 09:30 AM to 05:30 PM | 09:00 AM to 09:40 AM | 05:30 PM to 06:00 PM | സിംഗിൾ |
| 14 | ഇൻസ്പെക്ടർ (വിജിലൻസ്) | 09:30 AM to 05:30 PM | 09:00 AM to 09:40 AM | 05:30 PM to 06:00 PM | സിംഗിൾ |
| 15 | പ്യൂൺ സ്ഥിരം | 09:30 AM to 05:30 PM | 09:00 AM to 09:40 AM | 05:30 PM to 06:00 PM | സിംഗിൾ |
| 16 | കാഷ്വൽ എംപ്ലോയി (കമ്പ്യൂട്ടർ) | 09:30 AM to 05:30 PM | 09:00 AM to 09:40 AM | 05:30 PM to 06:00 PM | സിംഗിൾ |
| 17 | ഡ്രൈവേഴ്സ് ക്യാബിൻ | 07:00 AM to 03:00 PM / 8 മണിക്കൂർ | 06:30 AM to 07:10 AM | (8 മണിക്കൂർ മുതൽ 12 മണിക്കൂർ വരെ 1½ ഡ്യൂട്ടിയും, 16 മണിക്കൂർ വരെ ഡബിൾ ഡ്യൂട്ടിയും ) | |

ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്കുവേണ്ടി
എക്സിക്യൂട്ടീവ് ഡയറക്ടർ(അഡ്മിനിസ്ട്രേഷൻ)